# സ്കൂളിലേക്ക്

**അ**താ, ഒരു ബസ്സ് വരുന്നുണ്ട്. നിറയെ ആളുകളാണ്. എന്നാലും വേണ്ടില്ല എങ്ങനെയെങ്കിലും കയറണം. ഇല്ലെങ്കിൽ പിന്നെ എത്തേണ്ട സ്ഥലത്ത് എത്തിപ്പെടാൻ പറ്റില്ല.

ഒരുവിധം ബസ്സിൽ കയറി. അത് വീണ്ടും യാത്രയായി. ഒരു കാൽ കഷ്ടിച്ചു വെക്കാനുള്ള സ്ഥലമാണ് കിട്ടിയത്. സാരമില്ല, കയറാനായല്ലോ. അടുത്ത സ്റ്റോപ്പിലും ഒരാൾ കൈ കാണിച്ചു. ബസ്സ് ബ്രേക്കിട്ടു. അപ്പോഴാണ് ഒരാളുടെ പിറുപിറുപ്പ് കേട്ടത്: നാശം. ഒന്ന് ഇറങ്ങിയാൽ മതിയായിരുന്നു. കുറച്ചു ആശ്വാസം കിട്ടുമായിരുന്നു.''

❖ ❖ ❖ ❖

ഓണത്തുമ്പികളുടെ മുട്ടിയുരുമ്മിയും ചാഞ്ചാടിയുമുള്ള കളി എന്ത് രസമാണ്

സ്കൂൾമുറ്റത്തെ പൊടിമണ്ണിൽ വലിയ ശബ്ദമിട്ട് ഓടിക്കളിക്കുന്ന കുഞ്ഞുങ്ങളുടെ കളി കണ്ടപ്പോൾ അതേ അനുഭൂതിയാണ് തോന്നിയത്. ആ ജീവിതം ഒന്നുകൂടി തിരിച്ചുവന്നിരുന്നെങ്കിൽ എന്ന് ഒരു നിമിഷം കൊതിച്ചുപോയി. ഇനി ഒരിക്കലും തിരിച്ചുകിട്ടാത്ത ആ സമയത്തെ സംബന്ധിച്ച് നിരാശ പൂത്ത മനസ്സുമായി കുട്ടികളുടെ ആരവത്തിലേക്ക് നോക്കിനിന്നു.

❖ ❖ ❖ ❖

ഇതാ ഒരു വെക്കേഷൻ കൂടി കടന്നുപോയി.

ആഴ്ചകൾ നീണ്ടുനിന്ന അവധിദിനങ്ങൾക്ക് ഇനി വിട. കളിപ്പറമ്പുകളോടും കളിക്കൂട്ടങ്ങളോടും വിട.

പുതിയ ഭാവവും ശൈലിയുമാണ് ഇനി ജീവിതത്തിന്. പുസ്തകങ്ങളുടെ, അക്ഷരങ്ങളുടെ ലോകം. പുസ്തകവും ടിഫിനും കനം തൂങ്ങിയ ബാഗുകളാണ് നമ്മുടെ കൈകളിൽ.

നവോന്മേഷത്തോടെ സ്കൂളിലേക്ക്. ഇനി പഠനത്തിന്റെ നാളുകൾ. ക്ലാസ്മുറികളിൽ കൂട്ടുകാരോട് ഇണങ്ങിയും പിണങ്ങിയും സ്വകാര്യപരിഭവങ്ങൾ പങ്കുവെച്ചും കസൃതികാട്ടിയും ഏതാനും മണിക്കൂറുകൾ. പിന്നെ ഏതാനും സമയം ഗൗരവമാർന്ന പഠനം. ഉറക്കം. വീണ്ടും സ്കൂളിലേക്ക്. അങ്ങനെയാണ് ഇനി ഏതാനും മാസങ്ങൾ കടന്നുപോകുക.

സ്കൂളിൽ പഴയ ചുറ്റുപാടും പരിചയക്കാരും സുഹൃത്തുക്കളുമൊക്കെയായിരിക്കും പലർക്കും ഉണ്ടാവുക. ചിലർക്കത് പുതിയ ചുറ്റുപാടും പുതിയ കൂട്ടുകാരും പുതിയ അധ്യാപകരുമായിരിക്കും. അവർ പുതിയ സാഹചര്യങ്ങളോട് ഇണങ്ങാൻ മണിക്കൂറുകളും ദിനങ്ങളും എടുത്തെന്നുവരാം.

സ്കൂൾ ജീവിതമാണ് ഒരാളുടെ ജീവിതത്തിലെ സുവർണകാലം. അത് തിരിച്ചു വരാൻ ആഗ്രഹിക്കാത്ത മുതിർന്നവർ ഉണ്ടാകില്ല.

സ്കൂൾ ജീവിതം നന്നായി ആസ്വദിക്കണം. ചില കൂട്ടുകാർ അത് വേണ്ടുവോളം ആസ്വദിക്കുന്നുണ്ടാകും. ചിലർ അതിനെ മുഷിപ്പനായി കാണുന്നുമുണ്ടാകും. മുകളിൽ വിവരിച്ച ബസ്സ് യാത്രപോലെയാണ് അവർക്ക് സ്കൂൾ. എങ്ങനെയെങ്കിലും അത് അവസാനിപ്പിച്ചാൽ മതിയെന്നാകും അവരുടെ കണക്ക് കൂട്ടൽ.

തിരക്കുള്ള ബസ്സ് യാത്ര അങ്ങനെയാണ്. ബസ്സിലുള്ള ചിലർ കരുതും ഇവിടെ ഇറങ്ങണമെന്ന്. ബസ്സ് കാത്തുനിൽക്കുന്നവർ കരുതും എങ്ങനെയെങ്കിലും അതിൽ കയറണമെന്ന്.

സ്കൂൾപഠനം ഒരു ഭാരമായി കാണരുത്. അത് നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്. ദൈവത്തിന്റെ സംവിധാനമാണത്. പഠിക്കാൻ ദൈവം ആവശ്യപ്പെട്ടു. പലവിധത്തിലുള്ള വിജ്ഞാനീയങ്ങളും അവൻ ഈ പ്രപഞ്ചത്തിൽ നമുക്ക് പഠിക്കുവാൻ സംവിധാനിച്ചിട്ടുണ്ട്. നാം അത് പഠിക്കുക തന്നെവേണം.

കൂട്ടുകാർ വിദ്യാർഥികളുടെ വേഷത്തിലും ഭാവത്തിലും സമയവും പണവുമൊക്കെ മുടക്കി പഠിക്കാൻ പോകുകയാണല്ലോ. നന്നായി ആസ്വദിച്ചു പഠിക്കുക. ചില കാര്യങ്ങൾ ശ്രദ്ധിച്ചാൽ കൂട്ടുകാർക്ക് പഠനം ആസ്വാദ്യകരമായി മാറ്റിയെടുക്കാം. താഴെ പറയുന്ന കാര്യങ്ങൾ നോക്കുക.

## 1. നിങ്ങൾ ആരാണെന്ന് തിരിച്ചറിയുക.

രാജ്യത്ത് ഉന്നത സ്ഥാനമുള്ളവരാണ് നിങ്ങൾ. പല ഉത്തരവാദിത്തങ്ങളും അവകാശങ്ങളും നിങ്ങൾക്കുണ്ട്. നാടും സമൂഹവും പ്രതീക്ഷയോടെയാണ് നിങ്ങളെ നോക്കിക്കാണുന്നത്. നിങ്ങളെ വലിയവരായി കാണാൻ അവർ മനസ്സാ ആഗ്രഹിക്കുന്നുണ്ട്. ആ പ്രതീക്ഷ നിങ്ങൾ നശിപ്പിക്കരുത്.

ഇത് സമൂഹത്തിന്റെ കാര്യം. വീട്ടിൽ നിങ്ങൾ അരുമകളാണ്. രക്ഷിതാക്കൾ ജീവനെപ്പോലെ കണക്കാക്കുന്നത് അങ്ങനെയാണല്ലോ. നിങ്ങൾ നല്ല നിലക്ക് പഠിച്ചു വലുതാകണമെന്നും നിങ്ങളുടെ സ്വന്തം കാര്യം നോക്കാൻ നിങ്ങൾ പ്രാപ്തരാകണമെന്നും രക്ഷിതാക്കൾ കൊതിക്കുന്നു. അക്കാര്യത്തിനാണ് അവർ മേറ്റന്തിനെക്കാളും പ്രധാന്യം കൊടുക്കുന്നത്. അവരുടെ പ്രതീക്ഷയേയും നിങ്ങൾ നശിപ്പിക്കരുത്.

## 2. സ്കൂളിൽ

സ്കൂളിൽ നിങ്ങൾ പ്രധാനമായും വിദ്യാർഥികളാകുന്നു. വിദ്യ തേടുകയാണ് നിങ്ങളുടെ ഉത്തരവാദിത്തം. അക്കാര്യത്തിൽ നിങ്ങൾക്ക് ആത്മാർഥത നന്നായി വേണം. മറ്റു തരത്തിലുള്ള ചിന്തകളും വിഷയങ്ങളും നിങ്ങൾക്കുണ്ടാകരുത്. പുറമെയുള്ളവരുടെ വിഷയങ്ങളും പരിപാടികളും നിങ്ങളുടെ പഠനത്തെ ബാധിക്കരുത്. അത്തരം കാര്യത്തിൽ ഇടപെടുകയും അരുത്.

രണ്ടാമതായി സ്കൂളിൽ നിങ്ങൾ സഹപാഠികളാകുന്നു, കൂട്ടുകാരും. കൂട്ടുകൂടുന്നത് ശരിക്ക് ശ്രദ്ധിച്ചു കൈകാര്യം ചെയ്യേണ്ട വിഷയമാണ്. നിങ്ങൾക്കറിയില്ല താനുമായി കൂട്ടുകൂടുന്നവന്റെ മനസ്സ് എങ്ങനെയുള്ളതാണെന്ന്. നിങ്ങളുടെ പഠനത്തെയും സ്വഭാവത്തെയും ജീവിതരീതികളെയുമൊക്കെ അത്തരക്കാർ നശിപ്പിക്കും.

ധാരാളം കുട്ടികൾ സ്കൂളിൽ കാണും. കാണുന്നവരുമായി പെട്ടെന്ന് ചങ്ങാത്തം അരുത്. അവരുമായി കൂട്ടുകൂടുമ്പോൾ നിങ്ങളുടെ ഭാവിയെ കൂടി നിങ്ങൾ സൂക്ഷിക്കണം. കൂട്ടുകാരെല്ലാം വേണം. പക്ഷേ, അത് നിങ്ങളെ നശിപ്പിക്കുന്ന കൂട്ടുകാരൻ ആകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

## 3. സ്കൂളിൽ ചെയ്യേണ്ടതെന്ത്?

ക്ലാസ്സിലിരിക്കണം. പാഠം കേൾക്കണം. വൈകുന്നേരം തിരിച്ചു വരണം. അല്ലാതെന്ത് എന്നായിരിക്കും നിങ്ങൾ ചോദിക്കുക. ഇത് സ്കൂളിൽ പോകുന്നതിന്റെ മൊത്തത്തിലുള്ള രീതിയാകുന്നു.

അതല്ലാത്ത ചില കാര്യങ്ങളുണ്ട്. അതാണ് നിങ്ങൾ ചെയ്യേണ്ടത്. നിങ്ങളെപ്പറ്റി ഒരു അദ്ധ്യാപകൻ തന്റെ പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞുവെന്ന് സങ്കൽപ്പിച്ച് താഴെ കൊടുത്ത പ്രസംഗം വായിക്കുക. അപ്പോൾ നിങ്ങൾ ചെയ്യേണ്ടത് എന്താണെന്ന് നിങ്ങൾക്ക് മനസ്സിലാകും.

''വിദ്യാർഥികളേ, കഴിഞ്ഞ വർഷം ഈ സ്കൂളിൽ ---- എന്ന പേരിൽ ഒരു കുട്ടി പഠിച്ചിരുന്നു. നിങ്ങളിൽ പലർക്കും അവനെ അറിയാം. അവനെ ഒരു മാതൃകയായി നിങ്ങളുടെ മുമ്പിൽ വെക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

പഠനത്തിലും കളിയിലും അനുസരണത്തിലും അച്ചടക്കത്തിലുമൊക്കെ ഒന്നാമനായിരുന്നു അവൻ. ആ കുട്ടി ഇവിടെ പഠിച്ചിരുന്ന സമയത്തൊന്നും അവനെ സംബന്ധിച്ച് ഒരുവിധത്തിലുള്ള ആക്ഷേപവും ആരും പറഞ്ഞിട്ടില്ല. എപ്പോഴെങ്കിലും അനുസരണക്കേട് കാണിച്ചിട്ടില്ല. വൃത്തിയിലും ചിട്ടയിലും അവൻ മറ്റുള്ളവർക്ക് ഒരു മാതൃകയായിരുന്നു. തന്റെ ഓരോ കാര്യത്തിലും അവന് പ്രത്യേക ചിട്ടയുണ്ടായിരുന്നു. പഠിക്കുന്ന സമയത്ത് പഠനവും കളിയുടെ സമയത്ത് കളിയും. അതിൽ അവനൊരിക്കലും ചിട്ട തെറ്റിച്ചിട്ടില്ല.

രക്ഷിതാക്കളെ അനുസരിക്കുന്ന കാര്യത്തിലും അവൻ മുൻപിലായിരുന്നു. മുതിർന്ന ക്ലസ്സിലുള്ളവരെ ബഹുമാനിക്കാനും താഴെ ക്ലാസിലുള്ളവരോട് കരുണ കാണിക്കാനും അവൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പഠിക്കുന്ന പുസ്തകമോ മറ്റു പഠന ഉപകരണങ്ങളോ ഒരിക്കലും അവൻ നശിപ്പിച്ചിട്ടില്ല. അധ്യാപകരെ അവൻ ഏറെ ആദരിച്ചിരുന്നു. ചീത്ത കൂട്ടുകെട്ടിൽ അവൻ ഏർപ്പെട്ടിരുന്നില്ല. ഒരിക്കൽ പോലും നേരം വൈകിയെത്തുകയോ അനാവശ്യമായി ക്ലാസിൽ വരാതിരിക്കുകയോ ചെയ്തിട്ടില്ല.

ഈ സ്ഥാപനത്തിന്റെ ഉന്നതിക്ക് വേണ്ടി അവൻ ഏറെ പരിശ്രമിച്ചിട്ടുണ്ട്. സ്കൂളിന്റെ സൽപേര് നിലനിറുത്തുവാനും അവൻ തന്നാൽ ആകുന്നത് ചെയ്തിരുന്നു. ജില്ലാ-സംസ്ഥാന തലങ്ങളിൽ അവന് ഓരോ അംഗീകാരം കിട്ടുമ്പോഴും അവൻ കൂടുതൽ അനുസരണമുള്ളവനാകുകയാണ് ചെയ്തത്. അതിനാൽ തന്നെ അവനെ അധ്യാപകർ സ്നേഹിക്കുകയും അവന്റെ പുരോഗതിക്കായി പരിശ്രമിക്കുകയും ചെയ്തു. ഇന്ന് അവൻ കൈവരിച്ച ഉന്നത നേട്ടത്തിൽ ഈ സ്ഥാപനത്തിന് വലിയ പങ്കുണ്ട്. അതിനാൽ നിങ്ങളും അവനെ മാതൃകയാക്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.''

ഇപ്പോൾ മനസ്സിലായല്ലോ നിങ്ങൾ സ്കൂളിൽ എന്താകണമെന്ന്.

## 4. പഠനം ഹൃദ്യമാക്കുക

പഠനം ഹൃദ്യമാക്കാനുള്ള കുറുക്കു വഴിയാണ് ഇനി സൂചിപ്പിക്കുന്നത്. ക്ലാസിൽ നന്നായി ശ്രദ്ധിക്കുക. സംശയങ്ങൾ ഉടനെ ചോദിച്ചു മനസ്സിലാക്കുക. അതിന് നാണിക്കേണ്ടതില്ല.

പാഠം കഴിഞ്ഞാൽ അധ്യാപകൻ പറഞ്ഞ കാര്യങ്ങൾ ഒരാവർത്തി ഓർക്കാൻ ശ്രമിക്കുക. അത്യാവശ്യമാണെന്ന് നിങ്ങൾക്ക് തോന്നിയത് നോട്ട് ചെയ്യുക. സൗകര്യപ്പെട്ടാൽ പാഠഭാഗം ഒരാവർത്തി വായിക്കുക. ആവശ്യമെങ്കിൽ ടെക്സ്റ്റിൽ അടയാളപ്പെടുത്തുക.

രാത്രി വീട്ടിൽ വെച്ച് വായിക്കുക. ക്ലാസിൽ അധ്യാപകൻ പറഞ്ഞ കാര്യങ്ങൾ മനസ്സിൽ ഓർത്തുകൊണ്ടു വേണം വായിക്കുവാൻ. ക്ലാസിൽ വെച്ചു നോട്ട് ചെയ്തിരുന്നെങ്കിൽ അതും വായിക്കുക. വായന കഴിഞ്ഞാൽ അൽപം വെറുതെയിരിക്കുക. ആ ഇരുത്തത്തിൽ വായിച്ച കാര്യങ്ങൾ ഓർക്കുക. എന്നിട്ട് അടുത്ത വിഷയം പഠിക്കുക.

ആഴ്ചയിൽ ഒരിക്കൽ എല്ലാ വിഷയങ്ങളുടെയും നോട്ട് ഒരാവർത്തി വായിക്കുക. ആവശ്യമായ സഹായം അപ്പപ്പോൾ അധ്യാപകരിൽ നിന്നും തേടുക. ഈ രീതി ശീലിച്ചാൽ നിങ്ങൾക്ക് പഠനം ഒരിക്കലും ഒരു ഭാരമാകില്ല. അത് മധുരമുള്ളതാവുകയാണ് ചെയ്യുക.

## 5. ടൈം മാനേജ്മെന്റ്

ഒരു വിദ്യാർഥിയുടെ ജീവിതത്തിൽ വളരെ അത്യാവശ്യമായ കാര്യമാണിത്. സ്വയം തന്നെ ഒരു ടൈംടേബിൾ ഉണ്ടാക്കണം. ഉറങ്ങുന്നതിനും ഉണരുന്നതിനും പഠനത്തിനും കളിക്കും ദിനകൃത്യങ്ങൾക്കും ന്യൂസ്, ടി.വി. എന്നിവക്കും അതിൽ പ്രത്യേകം സമയം കാണിക്കണം. ഒന്നിന്റെ സമയം മറ്റൊന്ന് അപഹരിക്കാതിരിക്കാൻ പരമാവധി പരിശ്രമിക്കണം.

തയാറാക്കിയ ടൈംടേബിൾ രക്ഷിതാക്കളെ കാണിക്കുകയും വീട്ടിലേക്ക് ആവശ്യമായ സമയം അവരുമായി കൂടിയാലോചിച്ചു അതും ടൈംടേബിളിൽ ഉൾക്കൊള്ളിക്കുകയും വേണം.

സമയം വിലപ്പെട്ടതാണ്. അതൊരിക്കലും അലസമായും തമാശയായും കളയരുത്. ഈ ശീലം ജീവിതത്തിൽ തന്നെ വലിയ നേട്ടമായിത്തീരും.

## 6. ആഗ്രഹിക്കുക, വാശി പിടിക്കുക.

മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനായി നന്നായി പഠിക്കണമെന്നും അതിലൂടെ സ്വന്തമായി ഉയർന്ന മാർക്ക് വാങ്ങണമെന്നും ഉന്നത നിലവാരത്തിലുള്ള പ്രൊഫഷണൽ കോളേജിൽ പഠിച്ചു നല്ല ജോലി സമ്പാദിക്കണമെന്നും അതിയായി ആഗ്രഹിക്കുക. നാട്ടിൽ പണിയൊന്നുമില്ലാതെ, ആളുകൾക്കിടയിൽ ഒരു നിലവാരവുമില്ലാതെ ചുറ്റിത്തിരിഞ്ഞു നടക്കുന്നവനാകാതെ, അവർക്കിടയിൽ ഉയർന്ന ഉദ്യോഗസ്ഥനായി മാന്യതയോടെ ജീവിക്കണമെന്ന് അതിയായി ആഗ്രഹിക്കുകയും അത് യാഥാർഥ്യമാകാൻ വാശിയോടെ പരിശ്രമിക്കുകയും ചെയ്യുക. കാരണം, നിങ്ങളുടെ കാര്യം നോക്കേണ്ടത് നിങ്ങൾ തന്നെയാണ്.

അലസൻ വെറുതെ ആഗ്രഹിക്കുകയാണ് ചെയ്യുക. പരിശ്രമശാലിയാണ് വിജയിക്കുക.

## 7. ആസൂത്രണം നേരത്തെ ചെയ്യുക.

മുകളിൽ പറഞ്ഞ കാര്യങ്ങൾ സാക്ഷാൽക്കരിക്കാൻ സമയം കളയാതെ ഇപ്പോൾ തന്നെ ശ്രദ്ധിക്കുക.

നിങ്ങൾക്ക് ഏത് വിഷയത്തിലാണ് കൂടുതൽ കഴിവും താൽപര്യവുമെന്ന് നിങ്ങൾ മനസ്സിലാക്കുക. ആ വിഷയത്തിൽ കൂടുതൽ സഹായം ആവശ്യമെങ്കിൽ ട്യൂഷൻ തരാൻ രക്ഷിതാക്കളോട് ആവശ്യപ്പെടണം. ആ വിഷയത്തിൽ കിട്ടാവുന്ന പുസ്തകങ്ങൾ സംഘടിപ്പിച്ചു വായിക്കണം. ഉയർന്ന ക്ലാസുകളിൽ അതേ വിഷയത്തിനു തന്നെ ചേർന്ന് പഠിക്കണം. ഇക്കാര്യം വളരെ പ്രാധാന്യമുള്ള കാര്യമാണ്.

എസ്.എസ്.എൽ.സി പരീക്ഷ കഴിഞ്ഞാൽ പല രക്ഷിതാക്കളും ഇനി എന്തു വേണം എന്നു ചോദിച്ചു പലരെയും സമീപിക്കുന്നത് കാണാം. അവർക്കൊന്നും നിങ്ങളുടെ കഴിവ് മനസ്സിലാക്കി എന്ത് ചെയ്യണമെന്ന് നിർദ്ദേശിക്കാൻ സാധിക്കുകയില്ല. അത്തരം അവസ്ഥ നിങ്ങൾക്ക് ഉണ്ടാകരുത്.

## 8. ബുദ്ധിപരമായ വ്യായാമം ശീലമാക്കുക.

ഐക്യൂ വർദ്ധിപ്പിക്കാനും ബുദ്ധിവികാസത്തിനും പലതരം ടെസ്റ്റുകളും നിലവിലുണ്ട്. പല രീതികളും ഇന്ന് അതിന് അവലംബിക്കുന്നുണ്ട്. അത് പഠനത്തിൻ ഏറെ ഉപകാരപ്പെടും അതിനാൽ അത്തരം സംരംഭങ്ങൾ ഉപയോഗപ്പെടുത്താൻ പരമാവധി പരിശ്രമിക്കണം.

## 9. വൃത്തിയും ചിട്ടയും

ഇത് പ്രത്യേകം പ്രാധാന്യമുള്ള സവിശേഷതയാകുന്നു. വൃത്തിയില്ലാതെ ഒരിക്കലും സ്കൂളിൽ പോകരുത്. അത് തന്നിൽനിന്ന് കൂട്ടുകാരെയും അദ്ധ്യാപകരെയും അകറ്റിക്കളയും. വൃത്തിയുണ്ടെങ്കിൽ മാത്രമേ ഉന്മേഷത്തോടെ ക്ലാസിൽ ഇരിക്കുവാൻ സാധിക്കുകയുള്ളൂ. വൃത്തിയില്ലെങ്കിൽ ഒരു തരം ക്ഷീണവും ക്ലാസിൽ ശ്രദ്ധിക്കാൻ പറ്റാത്ത വിധം

അലസതയും പിടികൂടും. അതിനാൽ ഉള്ള വസ്ത്രങ്ങൾ വൃത്തിയായി ഉപയോഗിക്കുകയും വേഷവിധാനം നന്നാക്കുകയും വേണം. ഡ്രസ്സ് ചെയ്യുന്നത് ചിട്ടയോടെയാകണം. പുസ്തകങ്ങൾ സൂക്ഷിക്കുന്നത് ചിട്ടയോടെയാകണം. വീട്ടിലെ വസ്തുക്കൾ വെക്കുന്നതും വെടിപ്പോടെയാകണം. ഏത് കാര്യം ചെയ്യുന്നതും വെടിപ്പോടെയാകണം. എങ്കിലേ കാണാൻ ചന്തമുണ്ടാവുകയുള്ളൂ. അലക്ഷ്യമായും ചിട്ടയില്ലാതെയും സാധനങ്ങൾ കൈകാര്യം ചെയ്യുന്നത് അലസതയാണ്.

ചുരുക്കത്തിൽ പഠനത്തെ മധുരമുള്ളതാക്കൻ നിങ്ങൾക്ക് സാധിക്കും. അൽപം മനസ്സ് വെക്കണമെന്നു മാത്രം.

ഓർക്കുക: സ്കൂൾ ജീവിതം ജീവിതത്തിലെ സുവർണ കാലമാകുന്നു. ഭാവിജീവിതം രൂപപ്പെടുന്നതും അവിടെ വെച്ചാകുന്നു. അത് കളിയായും തമാശയായും നശിപ്പിച്ചു കളയരുത്.